Rama Varmha Tampuran, M.B.E. *(Secretary to Government):* I think the uniform rule applied to all and about 590 cases have been allowed so far. A few are still under consideration. A few have also been rejected.

Mr. M. K. Raja *(Mulakunnathukavu):* Is it the Government of Cochin or the Government of India, that pays this amount?

Rama Varmha Tampuran, M.B.E. *(Secretary to Government):* It is the Government of India.

Mr. P. K. Dewer *(Nominated):* Are these compensation given under the Workmen Compensation Act?

Rama Varmha Tampuran, M.B.E. *(Secretary to Government):* Yes.

Mr. V. R. Krishnan Ezhuthassan *(Oorakam):* Were none of our units stationed at places where there was enemy action?

Rama Varmha Tampuran, M.B.E., *(Secretary to Government):* Yes.

Mr. V. R. Krishnan Ezhuthassan *(Oorakam):* And none of them got any harm?

Rama Varmha Tampuran, M.B.E., *(Secretary to Government):* I do not know it.

DISTRIBUTION OF CLOTH IN RURAL AREAS

174. Mr. R. S. Thevanna Gounder *(Chittur-Rural):*

താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മേത്തരം ജവുളി ടൌണുകളിൽ ചെയ്യുന്നമാതിരി ഗ്രാമപ്രദേശങ്ങളിലും വിതരണം ചെയ്യാറില്ലെ;

(ബി) അങ്ങിനെ ചെയ്യാറുണ്ടെങ്കിൽ കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, രാമവർമ്മപുരം, പുത്തൂർ മുതലായ സ്ഥലങ്ങളിലുള്ള ജവുളിപീടികകളിലും കൊടുത്തിട്ടുണ്ടോ?

Rama Varmha Tampuran, M.B.E. *(Secretary to Government):*

(എ) ഗ്രാമപ്രദേശങ്ങളിലും മേത്തരം തുണി വിതരണം ചെയ്യാറുണ്ടു്.

(ബി) കൊഴിഞ്ഞാമ്പാറയിലും എരുത്തേമ്പതിയിലും ഉള്ള ജവുളി പീടികകളിൽ മേത്തരം തുണി കൊടുത്തിട്ടുണ്ടു്. രാമവർമ്മപുരം, പുത്തൂർ മുതലായ സ്ഥലങ്ങളിൽ ജവുളി പീടികകൾതന്നെയില്ല.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: ഈ ഫീൽഡ് ആഫീസ്സർമാരെ നേരിട്ടു കാണുവാൻ പാടില്ലായെന്നു് വല്ല കല്പനയുമുണ്ടോ?

രാമവർമ്മതമ്പുരാൻ: അങ്ങിനെയൊരു കല്പനയില്ല.

മിസ്റ്റർ എ. ഇബ്രാഹിമേനോൻ: ഇപ്പോൾ തുണിവാങ്ങിക്കേണമെന്നുണ്ടെങ്കിൽ ഫീൽഡ് ആഫീസ്സർമാർക്ക അഞ്ചൽവഴി അപേക്ഷ അയച്ചു അതു് അവർ അനുവദിച്ചതായി പെർമിറ്റ കിട്ടിയാൽ മാത്രമേ തുണി കിട്ടുകയുള്ളു. അപേക്ഷ അഞ്ചൽവഴിക്ക മാത്രമേ അയക്കുവാൻ പാടുള്ളുവെന്ന വിവരമെപ്പറ്റി അറിയാമോ?

രാമവർമ്മതമ്പുരാൻ: അങ്ങിനെ വിവരമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

Mr. P. A. Muhammed Ashrof *(Cranganur):* May I know whether there was any notification by the Assistant Textile Commissioner that applications for permits should be sent only through Anchal?

Rama Varmha Tampuran, M.B.E. *(Secretary to Government):* I will look into that matter.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether Government will be pleased to cancel that order if there is one not only look into it?

Rama Varmha Tampuran, M.B.E. *(Secretary to Government):* I will look into that matter.

Mr. P. Achutha Menon *(Kattur):* May I know whether there is any complaint that the best cloths are not distributed in so many taluks in the State and that it is solely distributed in one or two taluks.

Rama Varmha Tampuran, M.B.E. *(Secretary to Government):* This the first time that I hear about it and the Government will look into it.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: ഓരോ വില്ലേജുകളിലുള്ള ആളുകൾക്ക അഞ്ചും, പത്തും മൈൽ അകലെയുള്ള ജവുളിപീടികകളിലേക്ക തുണികൾ വാങ്ങിക്കുവാൻ പെർമിറ്റ കൊടുക്കാറുണ്ടോ?

രാമവർമ്മതമ്പുരാൻ: ഉണ്ടു്.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൌണ്ടർ: ഇതുപോലെ വഴി അവർ ബുദ്ധിമുട്ടി നടന്നുചെന്നതിന്മേൽ തുണികിട്ടാതെ മടങ്ങി പോയിട്ടുള്ളതിനെപ്പറ്റി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ: അങ്ങിനെ വരാൻ വിരോധമില്ല.

മിസ്റ്റർ ആർ. എസ്സ്". തേവണ്ണ ഗൗണ്ടർ: സ്റ്റോക്ക് ലിസ്റ്റ് നോക്കിയാണോ അവർ പെർമിറ്റ കൊടുക്കുന്നത്?

രാമവമ്മതമ്പുരാൻ: അതെ.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: കൊഴിഞ്ഞാമ്പാറനിന്നു എരുത്തേമ്പതിക്ക് എത്ര നാഴികയുണ്ടാകും?

രാമവമ്മതമ്പുരാൻ: നാലഞ്ചുനാഴിക അകലം കാണും.

മിസ്റ്റർ പി. മാണി: അപേക്ഷ കൊടുക്കുന്ന ആളുകൾക്കെല്ലാം ശരിക്ക് പെർമിറ്റ കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ: ഉണ്ട്".

മിസ്റ്റർ പി. മാണി: ഇവിടെനിന്ന് തുണിവാങ്ങിച്ച് തിരുവിതാംകൂറിലേക്ക് കൊണ്ടുപോകുന്നതിനെപ്പറ്റി അന്വേഷിക്കാറുണ്ടോ?

രാമവമ്മതമ്പുരാൻ: അതിനെപ്പറ്റി അന്വേഷിക്കാറുണ്ട്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: അങ്ങിനെ എന്തെങ്കിലും കൊണ്ടുപോകുന്നതായിട്ട് കണ്ടുപിടിക്കുവാൻ സാധിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ: കണ്ടുപിടിക്കുവാൻ വേണ്ട ശ്രമം ചെയ്യുന്നുണ്ട്.

മിസ്റ്റർ പി. മാണി: പെർമിറ്റ ഇഷ്യു ചെയ്യുന്നത് സ്റ്റോക്ക് ലിസ്റ്റ് നോക്കിയാണെന്നു പറഞ്ഞുവല്ലോ. അങ്ങിനെയാണെങ്കിൽ പെർമിറ്റ കൊണ്ടുചെന്നാൽ തുണികിട്ടാതെ വരുന്നത് എന്തുകൊണ്ടാണ്?

രാമവമ്മതമ്പുരാൻ: അതു സാധാരണയായിട്ട് സ്റ്റോക്ക് തീരുമ്പോഴേക്കും പുതിയ ചരക്കു വരും. അപ്പോഴും ആളുകളുടെ അപേക്ഷ കണക്കിലധികമുണ്ടാകും. പെർമിറ്റ കൊടുത്തിട്ടുള്ളവക്ക് പുതിയ ചരക്ക് വരുമ്പോഴും അപ്പോഴും കിട്ടും. ആളുകളുടെ തിരക്കു സരിച്ചു ചിലപ്പോൾ സ്റ്റോക്കിൽ കൂടുതൽ പെർമിറ്റ ഇഷ്യുചെയ്യുവെന്നുവരും. അങ്ങിനെയുള്ളവക്ക് സപ്ലൈ താമസിച്ചാലും കിട്ടാതെ വരികയില്ല.

മിസ്റ്റർ പി. ടി. ജേക്കബ്": ഇതു് എത്ര ആളുകൾക്ക് കിട്ടാതെ വരുന്നുണ്ടെന്നുള്ളതിനെപ്പറ്റി അറിയാമോ?

രാമവമ്മതമ്പുരാൻ: ഇല്ല.

മിസ്റ്റർ പി. ടി. ജേക്കബ്": സാധാരണ പെർമിറ്റ കൊടുക്കുന്നതു് ആരാണ്?

രാമവമ്മതമ്പുരാൻ: ടെക്സ്റ്റൈൽസ് ഫീൽഡ് ആഫീസ്സർ.

മിസ്റ്റർ പി. കെ. ഡീവർ: മേത്തരം ചരക്കുകൾക്ക് പെർമിറ്റ കൊടുക്കുന്നതു് ആരാണ്?

രാമവമ്മതമ്പുരാൻ: ടെക്സ്റ്റൈൽസ് കമ്മീഷണരും, ഡെപ്യൂട്ടി ടെക്സ്റ്റൈൽസ് കമ്മീഷണരുമാണെന്നാണ് അറിയുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: പെർമിറ്റിനു് ആവശ്യപ്പെടുമ്പോൾ ഫീൽഡ് ആഫീസ്സർമാർ അതു കമ്മീഷണക്കാണു് അധികാരമെന്നും, കമ്മീഷണരോടു ആവശ്യപ്പെടുമ്പോൾ ഫീൽഡ് ആഫീസ്സറാണു് പെർമിറ്റ തരേണ്ടതെന്നും മറ്റും പറഞ്ഞു ആളുകൾക്ക് ഇണി കിട്ടാതിരുന്നിട്ടുള്ളതിനെപ്പറ്റി വല്ല ആക്ഷേപവുമുണ്ടായിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ: അങ്ങിനെയുള്ള ആക്ഷേപങ്ങളൊന്നും വന്നിട്ടില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ചില ആളുകൾ പെർമിറ്റപ്രകാരം തുണി വാങ്ങിച്ചു സ്റ്റോക്കുമാക്കറ്റിൽ വില്ക്കുന്നതായിട്ട് ഗവമ്മെണ്ടിന്നറിയാമോ?

രാമവമ്മതമ്പുരാൻ: അങ്ങിനെ ഉള്ളതായിട്ട് അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: രാമവമ്മപുരത്തു ഒരു പീടിക തുറക്കണമെന്നു് ആരെങ്കിലും ആവശ്യപ്പെട്ടിരുന്നുവോ?

രാമവമ്മതമ്പുരാൻ: അറിവില്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ആവശ്യപ്പെട്ടാൽ കൊടുക്കുമോ?

രാമവമ്മതമ്പുരാൻ: അതു് അന്വേഷിച്ചിട്ട കൊടുക്കേണ്ടതാണെന്നു് തോന്നിയാൽ കൊടുക്കുവാൻ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May I know whether there was not a cut motion to discuss the Vagaries of field officers of the Textile Department during the Budget Session?

Rama Varmha Tampuran, M.B.E. *(Secretary to Government)*: I want notice.

SOUTH INDIAN RAILWAY ADVISORY BOARD

൧൭ ൪. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) സൌത്ത് ഇന്ത്യൻ റെയിൽവെ അഡൈ്വസറി ബോർഡിൽ കൊച്ചിയുടെ പ്രതിനിധിയായി ആരെങ്കിലുമുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണത്;

(സി) ൧൯൪൦, ൧൯൪൧, ൧൯൪൨, ൧൯൪൩, ൧൯൪൪, ൧൯൪൫ ഈ കൊല്ലങ്ങളിൽ പ്രതിവർഷം ബോർഡിന്റെ എത്ര യോഗങ്ങൾ വീതം നടത്തീട്ടുണ്ട്;

(ഡി) ഈ യോഗങ്ങളിലെല്ലാം കൊച്ചിയുടെ പ്രതിനിധി സന്നിഹിതനായിരുന്നോ;

(ഇ) ഇല്ലെങ്കിൽ ഏതേത യോഗങ്ങളിൽ എന്തുകാരണംകൊണ്ട് സന്നിഹിതനായില്ല;

(എഫ്) ഷൊർണ്ണൂർ, എറണാകുളം ടെയിൻ സർവ്വീസ് തീരെ അപര്യാപ്തമായിരിക്കുന്നുവെന്ന വസ്തുത എപ്പോഴെങ്കിലും കൊച്ചിയുടെ പ്രതിനിധി അഡൈ്വസറി ബോർഡിന്റെ മുമ്പാകെ കൊണ്ടുവരികയുണ്ടായിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതുകൊണ്ട് വല്ല ഫലവും ഉണ്ടായിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:

(എ) ഉണ്ട്.

(ബി) ദിവാൻജിയാണ് അധിഃകൃതപ്രതിനിധി. ഗവർമ്മെണ്ട് സിക്രട്ടറി ചിലപ്പോൾ അദ്ദേഹത്തെ പ്രതിനിധീകരിക്കാറുണ്ട്.

(സി) ഓരോ കൊല്ലത്തിലും ശരാശരി നാലു യോഗങ്ങൾ വീതം.

(ഡി) ൧൯൪൦ മുതൽ ൧൯൪൫ വരെ കൊച്ചിയുടെ പ്രതിനിധി ആകെ മൊത്തം യോഗങ്ങളിൽ മാത്രമെ സന്നിഹിതനായിരുന്നുള്ളു.

(ഇ) മറ്റുയോഗങ്ങളിൽ സന്നിഹിതനാകാതിരുന്നിട്ടുള്ളതു്, ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യമുള്ള വിഷയങ്ങൾ ആലോചനയ്ക്ക് ഇല്ലാതിരുന്നതു മൂലമോ ദിവാൻജിക്ക് മറ്റുജോലിതിരക്കുണ്ടായിരുന്നതു മൂലമോ ആണ്.

(എഫ്) ഉണ്ട്.

(ജി) ഉണ്ട്; ഷൊറണ്ണൂറിനും കൊച്ചി ഹാർബർ ടെർമിനസ്സിനും മദ്ധ്യേ അങ്ങോട്ടും ഇങ്ങോട്ടും ഒരു വണ്ടിക്കൂടതലായി ഇപ്പോൾ ഓടിതുടങ്ങിയിട്ടുണ്ട്. മുമ്പ് എടപ്പള്ളിവരെമാത്രം പോയിക്കൊണ്ടിരുന്ന ഒരു ഷട്ടിൽ ഇപ്പോൾ ആലുവാവരെ പോയിമടങ്ങുന്നുണ്ട്.

TRAINING IN FISHERY

൧൭൯. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഈ സംസ്ഥാനത്തുനിന്നും ഫിഷറീസ് വകുപ്പിലേക്കു ഉയന്തരം പരിശീലനത്തിന്നായി അടുത്തകാലത്തു ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

(സി) അവരാരെല്ലാം ;

(ഡി) ജാതിതിരിച്ചുള്ള പട്ടിക ഏതു ;

(ഇ) ഇപ്പോൾ സംസ്ഥാനത്തെ ഫിഷറീസ് വകുപ്പിലെ ഉയന്ന ഉദ്യോഗസ്ഥൻ *i. e.*, Fisheries Superintendent സർവ്വീസിൽ പ്രവേശിച്ചിട്ടു എത്ര കൊല്ലമായി?

രാമവർമ്മതമ്പുരാൻ:

(എ) മദ്രാശിയിൽ "Marine Fisheries"-ലും കൽക്കട്ടയിൽ "Fresh water Fisheries"-ലും പരിശീലനത്തിന്നായി അടുത്തകാലത്തു ആളുകളെ നിയോഗിച്ചിട്ടുണ്ട്.

(ബി) നാലുപേരെ.

LIBRARY ARCHIVES Kerala Legislative Assembly